# കൊടുമൺ ഹൈസ്കൂൾ,കൊടുമൺ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# പടവുകൾ

## 2025 - 26



# <u>ഉള്ളടക്കം</u>

* ആമുഖം

* അടിസ്ഥാന വിവരങ്ങൾ

* ചരിത്രം

* ലക്ഷ്യങ്ങൾ

* വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കൽ – കാഴ്ചപ്പാട്

* പദ്ധതി രൂപീകരണ പ്രക്രിയ

* മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

* പദ്ധതി വിശദാംശങ്ങൾ

* ഉപസംഹാരം

## ആമുഖം

വിദ്യാലയത്തിന്റെ സമഗ്രമായ വികസനവും കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളുടെ ഏകോപനത്തിനായാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. നിശ്ചിത കാലയളവിനുള്ളിൽ പ്രസ്തുതലക്ഷ്യങ്ങൾ നേടിയെടുക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ആസൂത്രണം ചെയ്തിരിക്കുന്നത്.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| **1. വിദ്യാലയത്തിന്റെ പേര്** | **: കൊടുമൺ ഹൈസ്കൂൾ** |
| **2. ഫോൺ** | **: 9496735485** |
| **3.സ്കൂൾ കോഡ്** | **: 38054** |
| **4.വിദ്യാഭ്യാസ ഉപജില്ല** | **: അടൂർ** |
| **5.റവന്യൂജില്ല** | **: പത്തനംതിട്ട** |
| **6.ബി.ആർ.സി.** | **: അടൂർ** |
| **7.സി.ആർ.സി.** | **: അടൂർ** |
| **8.ബ്ലോക്ക്** | **: പറക്കോട്** |
| **10.പഞ്ചായത്ത്** | **: കൊടുമൺ** |
| **11.നിയമസഭാ മണ്ഡലം** | **: അടൂർ** |
| **12.ലോക്സഭാ മണ്ഡലം** | **: പത്തനംതിട്ട** |
| **13.താലൂക്ക്** | **: അടൂർ** |
| **14. വില്ലേജ്** | **: കൊടുമൺ** |
| **15. ഇ മെയിൽ വിലാസം** | **: hskodumon@gmail.com** |

# ചരിത്രം

കൊടുമൺ ഗ്രാമത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് കൊടുമൺ ഹൈസ്കൂൾ. ശ്രീ.കെ.ജി.കരുണാകരൻ എന്ന അദ്ധ്യാപകൻ 1982-ൽ സ്ഥാപിച്ച ഈ വിദ്യാലയം പത്തനംതിട്ട ജില്ലയിലെ ന്യൂ ജനറേഷൻ വിദ്യാലയങ്ങളിലൊന്നാണ്. പ്രവാസി ബിസിനസ് മാഗ്നറ്റും മുൻഅദ്ധ്യാപകനും ആനപ്രേമിയുമായ മുകളിൽ വീട്ടിൽ ശ്രീ.എം.കെ.രാധാകൃഷ്ണപിള്ള,സഹധർമ്മണി ശ്രീമതി.ശോഭന രാധാകൃഷ്ണൻ എന്നിവർ സ്കൂൾ മാനേജർമാരായി മുൻ വർഷങ്ങളിൽ സേവനം അനുഷ്ഠിച്ചു.2020-ൽ കണ്ണൂർ സ്വദേശിയായ ശ്രീ. പി. മുരളീധരനാണ് ഇപ്പോഴത്തെ മാനേജർ. ഈ മാനേജ്മെന്റിന്റെ ശക്തമായ പിൻതുണയും സ്കൂൾ സ്ററാഫിന്റെ കൂട്ടായ പ്രവർത്തനവും സ്ഥാപനം പ്രശസ്തിയുടെ പടവുകളിലേറുന്നതിന് സഹായകരമായി.

## കൊടുമൺ ഹൈസ്കൂൾ ഇന്നലെകളിൽ നിന്ന് ഇന്നേക്ക്

പത്തനംതിട്ട ജില്ലയിൽ വിസ്തൃതിയിൽ ഏറ്റവും വലിയ ഗ്രാമപഞ്ചായത്ത് ആയ കൊടുമണ്ണിൽ ആശ്ചര്യചൂഢാമണിയുടെ രചയിതാവായ ശക്തിഭദ്രന്റെ പാദസ്പർശം കൊണ്ട് പുണ്യം നേടിയ കൊടുമൺ എന്ന സ്വർണ ഭൂമിയിൽ സാമൂഹിക പിന്നോക്കാവസ്ഥയും ജീവിത പ്രാരാബ്ദങ്ങളും നെഞ്ചിലേറ്റിയ കുടുംബ നിവാസികളുടെ ആശയവും നാടിന്റെ തുടിപ്പും നൊമ്പരങ്ങളും നെഞ്ചിലേറ്റിയ ഈ സരസ്വതി മന്ദിരം 1982 ജൂൺ ഒന്നാം തീയതി ആരവങ്ങളും ആർപ്പുവിളികളും ഇല്ലാതെ പ്രവർത്തനമാരംഭിച്ചു.

നല്ലവരായ നാട്ടുകാരുടെ നിർലോഭമായ സഹായ സഹകരണങ്ങളും അധ്യാപക-അനധ്യാപകരുടെ സമർപ്പണ ബോധവും ഈ കലാലയത്തെ ഊട്ടി വളർത്തി. മലയോര ഗ്രാമമായ കൊടുമണ്ണിലെ ഒരു വലിയകുന്നായ 'നെല്ലിക്കുന്നിൽ' ദുർഘടങ്ങളായ വഴികളേയും പ്രകൃതിയേയും സസ്യജാലങ്ങളെയും മനുഷ്യപ്രയത്നം കൊണ്ട് കീഴടക്കി ഒറ്റ നിലയിൽ ഉള്ള രണ്ടു കെട്ടിടങ്ങൾ അവിടെ ഉയർന്നു. ആദ്യവർഷങ്ങളിൽ കുട്ടികളെ തേടി അങ്ങോട്ട് പോകാതെ ധാരാളം കുട്ടികൾ എത്തിച്ചേർന്നു. കാലം കടന്നു പോയപ്പോൾ, നാട്ടും നഗരവും വളർന്നപ്പോൾ ഭൗതിക സാഹചര്യങ്ങളുടെ വികസനത്തിൽ നമ്മൾ വഴിമുട്ടി നിന്നു. നമ്മുടെ സ്കൂളിൽ നിന്നും ധാരാളം കുട്ടികൾ ഉയർന്ന മാർക്ക് വാങ്ങി പുറത്തിറങ്ങിയപ്പോൾ പുതിയ വാതായനങ്ങൾ അവർക്കുവേണ്ടി തുറക്കാൻ നമുക്ക് കഴിയാതെ പോയി.

വളരെ പ്രതീക്ഷയോടെ കൊടുമണ്ണിന്റെ ഹൃദയ ഭാഗത്തേക്ക് 2005 ജൂൺ ഒന്നിന് നമ്മുടെ സ്കൂൾ മാറ്റപ്പെട്ടു. ജനങ്ങളുടെ ചിരകാല സ്വപ്നങ്ങൾ സാക്ഷാത്കരിക്കും, നമ്മുടെ കുട്ടികൾ ഉപരിപഠനത്തിന് പുറത്തേക്ക് പോകേണ്ടി വരില്ല എന്ന് നാം ആശിച്ചു. എന്നാൽ ഇന്നും ആ സ്വപ്നം പൂവണിയാതെ ബാക്കിനിൽക്കുന്നു.

കെ പി സുരേന്ദ്രൻനാഥൻ സാറിന്റെ നേതൃത്വത്തിൽ വളരെ കുറച്ച് ജീവനക്കാരുമായി പ്രവർത്തനമാരംഭിച്ച നമ്മുടെ കൊടുമൺ ഹൈസ്കൂൾ തുടർച്ചയായി 100% വിജയം, ഉയർന്ന ഗ്രേഡോടുകൂടി കുട്ടികളെ വിജയിപ്പിക്കാൻ കഴിയുന്ന ഒരു കലാലയം ആയി മാറിയിരിക്കുന്നു. സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പഠനരീതിയും പാഠ്യേതര പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാൻ പ്രാപ്തരായ അധ്യാപകർ, അനധ്യാപകർ എന്നിവരുടെ നേതൃത്വത്തിൽ കുട്ടികൾക്ക് എന്നും താങ്ങായി തണലായി പ്രചോദനമായി മുന്നേറുന്നു..

## ലക്ഷ്യങ്ങൾ

*മികച്ച വ്യക്തിത്വ രൂപീകരണത്തിന് അനുസൃതമായ വിദ്യാലയ അന്തരീക്ഷം സംജാതമാക്കും.

*ജീവിതത്തിൽ മികച്ച വിജയം നേടാൻ ഓരോ വിദ്യാർത്ഥിയേയും പ്രാപ്തനാക്കും.

*ഓരോ ഘട്ടത്തിലും വിദ്യാർത്ഥി നേടേണ്ട അറിവും കഴിവും നേടിയെടുക്കാൻ പ്രാപ്തനാക്കും.

*സൗജന്യവും മികച്ചതുമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പ് വരുത്തും.

*ലഹരിയുടെ ദൂഷ്യവശങ്ങളെ ബോധ്യപ്പെടുത്തി ലഹരിവിമുക്തമായ തലമുറയെ വാർത്തെടുക്കും.

*എല്ലാ കുട്ടികളെയും അടിസ്ഥാനഭാഷകൾ സംസാരിക്കുവാനും വായിക്കുവാനും എഴുതുവാനും പ്രാപ്തരാക്കും.

* ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അർഹമായ പരിഗണന നൽകി സാമൂഹിക ജീവിതത്തിന് പ്രാപ്തരാക്കുന്ന വിധത്തിലുള്ള വിദ്യാലയ അന്തരീക്ഷം രൂപീകരിക്കും.

## വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കൽ - കാഴ്ചപ്പാട്

* സാമൂഹിക നന്മ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ സംഘടിപ്പിക്കും.

* പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾപങ്കെടുക്കുന്ന വിദ്യാലയഅന്തരീക്ഷം സൃഷ്ടിക്കൽ.

* സഹജീവി സ്നേഹം,സേവന മനോഭാവം, ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യമൊരുക്കൽ.

* ലഹരിയുടെ ദൂഷ്യവശങ്ങളെ ബോധ്യപ്പെടുത്തി ലഹരിവിമുക്തമായ സമൂഹത്തെ സൃഷ്ടിക്കുന്നതിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കും.

## പദ്ധതി രൂപീകരണ പ്രക്രിയ

1) എസ്. ആർ.ജി. യോഗത്തിൽ കൊടുമൺ ഹൈസ്കൂളിലെ

**'പടവുകൾ'** എന്ന വികസന രേഖ അവതരിപ്പിക്കലും ചർച്ചയും.

2) വികസനാവശ്യങ്ങൾ ക്ലാസ്സ്/ വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം -

സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3) കരട് രൂപരേഖ SRG, SMC, PTA, MPTA, SPG രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ,

ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

4) ശില്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

5) പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

* വായന പരിപോഷണം

* ഭാഷാശേഷി വികസനം

*ഗണിതശേഷി വകസനം

* ശാസ്ത്രപോഷണ പരിപാടി

* ലൈബ്രറി ശാക്തീകരണം

* കലാകായിക പരിശീലനങ്ങൾ

* സ്കൂൾ പത്രം / മാസിക

* ശാസ്ത്രാഭിരുചി വളർത്തൽ

* മെഡിക്കൽ ക്യാമ്പ്

* യോഗ പരിശീലനം

* ലൈബ്രറി വികസനം

* ക്ലാസ് പി.ടി.എ. മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ

# മലയാളം

**മേഖല : അക്കാദമികം** **ഉപമേഖല : മലയാള ഭാഷ**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | നിർവഹണ ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | *പ്രീ ടെസ്റ്റ്<br>*അക്ഷരം ഉറപ്പിക്കൽ<br>* ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>*ചിത്രം അടിക്കുറിപ്പ്<br>*ചിത്രം കഥയെഴുതൽ<br>*കഥ പൂരിപ്പിക്കൽ<br>*കഥാ പുസ്തകം നൽകൽ<br>*അക്ഷരകേളി, പദകേളി, അക്ഷരചക്രം, വായ്ത്താരികൾ.. | ഒരു വർഷം | *ഭാഷാധ്യാപകർ<br>*പ്രാദേശിക ഭാഷ വിദഗ്ധൻ | 1000/-<br>(പി.ടി.എ.) |
| 2 | വായന വളർത്തൽ | *വായന അനുഭവം പങ്കുവയ്ക്കൽ<br>*ക്ലാസ് ലൈബ്രറി<br>*ക്വിസ്സ്<br>*പുസ്തക ശേഖരണം<br>*പുസ്തകവിവരണം<br>*ജന്മദിന പുസ്തകം<br>*പത്രവായന- ഒരു ക്ലാസിൽ ഒരു പത്രം<br>*പത്രക്വിസ് ആഴ്ചയിൽ<br>*വായനാവാരം<br>*പുസ്തക ചർച്ച<br>* കൈയ്യെഴുത്തു മാസിക , പത്രം<br>*കവിയരങ്ങ്<br>*കഥയരങ്ങ് | ജൂൺ - മാർച്ച് | *ക്ലാസ് ടീച്ചർ<br>*ഓരോ പ്രവർത്തനങ്ങൾക്ക് മിടുക്കരായ രണ്ടു കുട്ടികൾക്ക് വീതം ചാർജ്<br>*ഭാഷാധ്യാപകർ | 5000/-<br>പി ടി എ ,<br>എസ് എസ് എ<br>(സ്പോൺസർ ഷിപ്പ് ) |
| 3 | പാർശ്വവൽക്കരിപ്പെട്ടവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരൽ | *ബോധവൽക്കരണം<br>*വ്യക്തിത്വ വികസന ശില്പശാല<br>*ഗ്രൂപ്പ് നേതൃത്വം ഏൽപ്പിക്കൽ<br>*നവപ്രഭ ,ശ്രദ്ധ, കൗൺസിലിംഗ്<br>*കമ്പ്യൂട്ടർ അധിഷ്ഠിത | ജൂൺ - മാർച്ച് | *ഭാഷാ അധ്യാപകർ<br>*സഹപ്രവർത്തകരുടെ സഹായം | 5000/-<br>പി ടി എ,<br>എസ്എസ് എ<br>(സ്പോൺസർ ഷിപ്പ് ) |

| | | | | | |
|---|---|---|---|---|---|
| | | പഠനം. | | | |
| 4 | സാഹിത്യകാരന്മാരെ അടുത്തറിയൽ | *ദിനാചരണങ്ങൾ<br>*അഭിമുഖം<br>*ശില്പശാലകൾ<br>* അതാത് എഴുത്തുകാരുടെ പുസ്തകങ്ങൾ കൊടുത്ത് വായന *ഐസിടി സാധ്യതകൾ | ജൂൺ - മാർച്ച് | ഭാഷാ അധ്യാപകർ | 3000/-<br>(പി.ടി.എ.) |
| 5 | നേതൃത്വ പാടവ വികസനവും ഭാഷാശേഷി വികസനവും | *ഓരോ വിഷയം നൽകി ക്ലാസിൽ പ്രസംഗം നടത്തൽ<br>*അസംബ്ലിയിൽ പ്രസംഗം<br>*പുസ്തകാസ്വാദനം<br>* സംഭാഷണ രചന, യാത്ര വിവരണം, ആസ്വാദനക്കുറിപ്പ്, ചോദ്യാവലി തയ്യാറാക്കൽ, ക്ഷണക്കത്ത് തയ്യാറാക്കൽ | ജൂൺ - മാർച്ച് | ഭാഷാ അധ്യാപകർ | 2000/-<br>(പി.ടി.എ.) |
| 6 | വ്യാകരണം ഉറപ്പിക്കൽ | *വിഷയബന്ധിതമായി കുറിപ്പ് തയ്യാറാക്കൽ<br>*ഡയറി എഴുതൽ<br>*വാക്യ മാതൃകകൾ പരിചയപ്പെടുത്തൽ<br>*വാക്യ നിർമ്മാണം<br>*പദനിർമ്മാണം | ജൂൺ - മാർച്ച് | ഭാഷാ അധ്യാപകർ | |
| 7 | കൈയ്യക്ഷരം നന്നാക്കൽ | *പകർത്തെഴുത്ത്<br>*വിദഗ്ധരുടെ ക്ലാസ് | ജൂൺ- മാർച്ച് | *ഭാഷാ അധ്യാപകർ<br>*പി.ടി.എ | 3000/-<br>(പി.ടി.എ.) |
| 8 | സർഗാത്മകത വികസിപ്പിക്കൽ | *നാടകക്കളരി<br>*കവിത പൂരണം<br>*സർഗ്ഗവേള<br>*റോൾ പ്ളേ<br>*ചിത്രരചന | ജൂൺ- മാർച്ച് | *ഭാഷാ അധ്യാപകർ<br>*പി.ടി.എ | 5000/-<br>(പി.ടി.എ.) |

# സംസ്കൃതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം | **1.ഭാഷാജ്ഞാനം**<br>*അക്ഷരം എഴുത്ത്<br>*ചിഹ്നം ഉറപ്പിക്കൽ<br>*അക്ഷരകാർഡ്<br>*വാക്കുകൾ എഴുതിയ കാർഡ്<br>*ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>*അക്ഷരമാല കളികൾ<br>*അക്ഷരമരം നിർമ്മിക്കൽ<br>*കാർട്ടൂൺ പ്രദർശനം<br>*പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ – ഓഗസ്റ്റ് | അക്ഷര ചാർട്ട്, പാഠപുസ്തകം, ഐ സി ടി | പി ടി എ, റിസോഴ്സ് അധ്യാപിക |
| | | **2.പറയാം പഠിക്കാം**<br>*ചിത്രങ്ങളുടെ പേര് പറയൽ<br>*ചിത്രകഥകൾ<br>*ലഘു സംഭാഷണങ്ങൾ<br>*നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ – ജൂലൈ | സംസ്കൃതം പുസ്തകങ്ങൾ | റിസോഴ്സ് അധ്യാപിക |
| 2 | വീട് ഒരു പരീക്ഷണശാല (വീട്ടിലും പരിസരത്തും കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ എഴുതുന്നു പഠിക്കുന്നു ) | *വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>*ഐസിടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ – ഒക്ടോബർ | സംസ്കൃതം നിഘണ്ടു | റിസോഴ്സ് അധ്യാപിക |
| 3 | വായനാലോകം (കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ ) | *തിരഞ്ഞെടുത്ത ലളിതമായ പുസ്തകശേഖരത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക<br>*ചെറിയ പുസ്തകങ്ങൾ കണ്ടെത്തുകയും അത് വായിക്കുകയും കൂടുതൽ പുസ്തകങ്ങൾ വായിച്ച് കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുകയും ചെയ്യുന്നു . | ആറുമാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |

| | | | | | |
|---|---|---|---|---|---|
| 4 | കരിക്കുലം ലക്ഷ്യമക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ | *ക്ലബ്ബ് രൂപീകരണം<br>*പഠനോപകരണ നിർമ്മാണം<br>*കലണ്ടർ നിർമ്മാണം<br>*മാഗസിൻ നിർമ്മാണം | ജൂൺ-മാർച്ച് | ചാർട്ട് ചിത്രം | റിസോഴ്സ് അധ്യാപിക |
| 5 | ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യുവാനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ | *എഴുതുവാനും പറയുവാനും അവതരിപ്പിക്കാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകുന്ന അതിൽ നിന്നും തിരഞ്ഞെടുക്കുന്ന കൃതികൾ ഉപയോഗിച്ച് മാഗസിൻ നിർമ്മാണം | 5 മാസം | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 6 | മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | *മാസികകൾ വായിക്കാൻ നൽകുന്ന<br>*എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്ന<br>* മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു, ഇതിലൂടെ സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയെ വളരെ മികച്ച രീതിയിൽ അഭിമുഖീകരിക്കാൻ പ്രേരിപ്പിക്കുന്ന . | ജൂൺ-മാർച്ച് | പത്രം, മാസികകൾ,ഇന്റർനെറ്റ് | |
| 7 | പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | പ്രത്യേകം പരിഗണന അറിയിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു, പ്രത്യേകം ക്ലാസുകൾ നൽകുന്ന | | | |
| 8 | ക്ലാസ് റൂം ആകർഷമാക്കുന്നതിന് | *പെയിൻറിംഗ്<br>*ലൈബ്രറി ഒരുക്കുന്ന<br>*സൗകര്യപ്രദമായി ഇരിപ്പിടം ഒരുക്കുന്ന | | | |
| 9 | സംസ്കൃതം സംസാരിപ്പിക്കാൻ പരിശീലിപ്പിക്കുന്ന | സംഭാഷണ ശിബിരം സംഘടിപ്പിക്കുന്ന | ജൂൺ ജനവരി | ഐ സി ടി, ചാർട്ട് | റിസോഴ്സ് അധ്യാപിക |
| 10 | സംസ്കൃത സ്കോളർഷിപ്പ് പരിശീലനം | *സംഖ്യാശാസ്ത്രങ്ങൾ അഭ്യസിപ്പിക്കുന്ന<br>*ആധുനിക പ്രസക്തിയുള്ള വിഷയങ്ങൾ പ്രശ്നോത്തരി രീതിയിൽ അവതരിപ്പിക്കുന്ന | ജൂൺ - നവംബർ | പത്രമാധ്യമങ്ങൾ | റിസോഴ്സ് അധ്യാപിക |

# ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | 1. Spoken English Class<br>2. English Library നവീകരണം<br>3. English corner story time<br>4. English Assembly | ശനിയാഴ്ചകൾ, പ്രവർത്തി ദിനങ്ങൾ | *അധ്യാപകർ<br>*പി.ടി.എ | പി.ടി.എ |
| 2 | സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | 1. അക്ഷര കാർഡ് പദ കാർഡ് വാക്യ നിർമ്മാണത്തിനുള്ള കാർഡുകൾ<br>2. ചിത്ര വായന Public speaking news Reading competition<br>3. English Assembly | Classroom പ്രവർത്തനങ്ങളോടൊപ്പം | P T A<br>SRG<br>Teachers | English club |
| 3 | നാടകീകരണം | പാഠഭാഗങ്ങളിൽ നിന്നും രംഗങ്ങൾ കണ്ടെത്തി skit, Role play, എന്നിവ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒന്ന് | English club | രക്ഷിതാക്കൾ |
| 4 | കവിതാലാപനത്തിനും കവിതാ രചനയ്ക്കും പ്രാപ്തരാക്കുന്നു | 1. ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം<br>2. കവിതാരചന ആലാപന മത്സരങ്ങൾ | ക്ലാസ് പ്രവർത്തനങ്ങൾ | P T A<br>SRG | രക്ഷിതാക്കൾ |
| 5 | സാങ്കേതികവിദ്യ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക | English fest, English film കാണാനുള്ള അവസരം | അക്കാദമിക് വർഷത്തിൽ 1 | English Club | P T A |

# ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 1 | അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും കണ്ടെത്തുവാനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു . അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു . | ഹ്രസ്വം ജൂൺ- ജൂലൈ |
| 2 | ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | ക്ലാസിലെ ഓരോ കുട്ടിയുടേയും ജനനത്തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു . വർക്ക് ഷീറ്റുകൾ നൽകുന്നു. കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം ഓഗസ്റ്റ്- സെപ്റ്റംബർ |
| 3 | ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു .കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ , കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ -ജനുവരി |
| 4 | ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം ജൂൺ- ജൂലൈ |
| 5 | നാമം, സർവ്വനാമം ,വിശേഷണം എന്നിവ മനസ്സിലാക്കുന്നു.വാക്യ ഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാൻ അറിയുന്നു.<br><br>പോസ്റ്റർ തയ്യാറാക്കുന്നു. | ചാർട്ടുകൾ നൽകി അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു. സൂചന ബോർഡുകൾ എഴുതി പ്രദർശിപ്പിക്കുവാൻ പറയുന്നു.<br><br>പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണയം നടത്തുന്നു | ജൂൺ- ജൂലൈ |
| 6 | കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാൻ അറിയുന്നു | ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | നവംബർ |
| 7 | കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ- ജൂലൈ |
| 8 | സാഹിത്യാഭിരുചി വളർത്തുക , ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ ,കഥ , കവിത ,പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | മധ്യം ഓഗസ്റ്റ് , സെപ്റ്റംബർ, ഒക്ടോബർ |
| 9 | ആശയങ്ങൾ വിവിധ തരത്തിൽ തയ്യാറാക്കുന്നു. തിരക്കഥ, ഡയറി, കത്ത് തുടങ്ങിയവ എഴുതുവാൻ അറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. ഡയറി എഴുതുവാൻ ഉള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ- ജനുവരി |

# സാമൂഹ്യശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. ചരിത്രവുമായി ബന്ധപ്പെട്ട വീഡിയോകൾ കാണിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹികശാസ്ത്ര അധ്യാപകർ | |
| 2 | ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെൻറ്, പൗരബോധം, സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | തെരഞ്ഞെടുത്ത ദിവസങ്ങളിൽ മാത്രം. | സാമൂഹികശാസ്ത്ര അധ്യാപകർ | സ്കൂൾ , കുട്ടികൾ |
| 3 | നിരീക്ഷണം വളർത്തുക | ആകാശക്കാഴ്ചകൾ, പരിസര നിരീക്ഷണങ്ങൾ | വർഷം മുഴുവനും | സാമൂഹികശാസ്ത്ര അധ്യാപകർ | |
| 4 | ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക. | അറ്റ്ലസ്, മാപ്പ് ,ഗ്ലോബ് എന്നിവ പരിചയപ്പെടുത്തുന്നു. | വർഷം മുഴുവനും | സാമൂഹികശാസ്ത്ര അധ്യാപകർ | |
| 5 | പൊതുവിജ്ഞാനം വളർത്തുക | ക്വിസ്, ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം തുടങ്ങിയവ നടത്തുക വീഡിയോ പ്രദർശനം | അക്കാദമിക വർഷം മുഴുവനും | സാമൂഹികശാസ്ത്ര അധ്യാപകർ | |
| 6 | മതേതരത്വം , സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക | സർവ്വേ, പ്രോജക്റ്റ്, ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ, അഭിമുഖങ്ങൾ എന്നിവ നടത്തുന്നു | അക്കാദമിക വർഷം മുഴുവനും | | സാമൂഹിക ശാസ്ത്ര ക്ലബ്ബ് |
| 7 | വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെ കുറിച്ചും കാറ്റുകൾ, പർവ്വതങ്ങൾ, ഇവ പരിചയപ്പെടുത്തുന്നതിന്. | കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠിക്കുന്നതിന് | അക്കാദമിക വർഷം മുഴുവനും | സാമൂഹികശാസ്ത്ര അധ്യാപകർ | |
| 8 | പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആശയങ്ങൾ ഗ്രഹിക്കുവാനുള്ള പരിശീലനം നൽകുന്നു | ചിത്ര വിശകലനം നടത്തി ഒറ്റവാക്കിൽ ഉത്തരമെഴുതുന്ന ചോദ്യങ്ങളും ഉത്തരങ്ങളും കണ്ടെത്തി എഴുതുന്നതിന് | അക്കാദമിക വർഷം മുഴുവനും | സാമൂഹികശാസ്ത്ര അധ്യാപകർ | |

# സയൻസ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ. | ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ, സംഭാവനകൾ ,ശാസ്ത്രസംബന്ധമായ അറിവുകൾ, ലേഖനങ്ങൾ എന്നിവ ഉൾപ്പെടുത്തി ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | ആറു മാസത്തിൽ ഒരിക്കൽ | എസ്. ആർ ജി, സയൻസ് ടീച്ചർ | P T A |
| 2 | ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ | തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ | 3 മാസം | സയൻസ് ടീച്ചർ | |
| 3 | പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ – കുട്ടി, കുട്ടി- കുട്ടി എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം | ആഴ്ചയിൽ 1 ദിവസം | എസ്. ആർ ജി, സയൻസ് ടീച്ചർ | |
| 4 | ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | P T A |
| 5 | പരിസ്ഥിതിബോധവൽക്കരണം | പരിസ്ഥിതിദിനത്തിൽ മരത്തൈ നട്ടുപിടിപ്പിക്കൽ,പോസ്റ്റർ നിർമ്മാണം | ജൂൺ | Eco club | P T A |
| 6 | മോഡൽ നിർമ്മാണം | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ നിർമ്മിക്കാൻ കുട്ടികളെ പ്രോൽസാഹിപ്പിക്കുക | ആറു മാസത്തിൽ ഒരിക്കൽ | എസ്. ആർ ജി, സയൻസ് ടീച്ചർ | P T A |
| 7 | ആരോഗ്യ മാസിക തയാറാക്കൽ | പത്രവാർത്തകൾ,ആരോഗ്യ ലേഖനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മാസിക തയാറാക്കൽ | ആറു മാസത്തിൽ ഒരിക്കൽ | എസ്. ആർ ജി, സയൻസ് ടീച്ചർ | |

# ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആശയ ധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ Maths clinic | June ഒന്നാംവാരം | അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ. | Instrument box ന്റെ ലഭ്യത ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | Teacher grand |
| 3 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ പിടിഎ | പിടിഎ |
| 4 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ പരിചയപ്പെടുത്തുക | ശില്പശാല നടത്തുന്നു. ക്ലാസ് പ്രവർത്തനം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ ഗണിത ക്ലാസ് | പിടിഎ |
| 5 | സംഘബോധം ഉണ്ടാക്കുക | സംഘ പഠനം | തുടർ പ്രവർത്തനം | അധ്യാപകർ സംഘത്തലവൻ | |
| 6 | അധ്യാപകൻ കാലാനുസൃതമായി ചെയ്യു ചെറിയ ക്ലാസ് മുതലുള്ള തുടർപ്രവർത്തനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കൽ | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ ചർച്ചകൾ പാഠാസൂത്രണം ഇവ കൂട്ടായ പ്രവർത്തനത്തിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7 | ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപപ്രദേശത്തിലുള്ള അധ്യാപകരും ചേർന്ന കൂട്ടായ പ്രവർത്തനങ്ങൾ | ശനിയാഴ്ച, മറ്റ് അവധി ദിവസങ്ങൾ | ഗണിത അധ്യാപകർ | ഗണിത ക്ലാസ് മാനേജ്മെന്റ് |
| 8 | ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തമാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി അധ്യാപകൻ പി ടി എ | പി ടി എ |
| 9 | ഗണിത ലാബ് | ശില്പശാലയിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പിടിഎ | പി ടി എ |
| 10 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ നടത്തുന്ന ചുമതല നൽകുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ, എച്ച് എം , പി ടി എ പ്രസിഡന്റ് | |

# ആരോഗ്യകായികവിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളിലെ കായിക അഭിരുചി വളർത്തുന്നതിലൂടെ സബ്ജില്ല,ജില്ല,സംസ്ഥാന തലത്തിൽ പങ്കെടുക്കുന്നതിനുള്ള അവസരം | വിവിധ കായികയിനങ്ങൾ കുട്ടികൾക്ക് ക്യാമ്പായി നൽകുന്നു. ഫുട്ബോൾ,ബാഡ്മിന്റൺ | ജൂൺ -ജനുവരി | കായികാധ്യാപക ൻ | പി.ടിഎ ഫണ്ട് |
| 2 | സ്വയം അറിവ് നേടി, നാടിന് ഉപകാരപ്രദമാവുന്ന രീതിയിൽ കുട്ടിയുടെ വളർച്ച | റോഡ് സുരക്ഷ ക്ലാസ് | ഒക്ടോബർ | കേരള പോലീസിന്റെ സഹകരണം | |
| 3 | ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യഫലത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ | ലഹരി പദാർത്ഥങ്ങളുണ്ടെട ദൂഷ്യഫലെത്തക്കുറിച്ചുള്ള അറിവ് നേടുക | ജൂൺ ജൂലൈല | എക്സൈസ് ഡിപ്പാർട്ടുമെന്റ് | |
| 4 | അറിവ്, വായനാശീലം വളർത്തൽ. | സ്കൂൾ ലൈബ്രറിയിൽ കായിക മേഖലയിൽ ഉന്നതരായവരുടെ പുസ്തകങ്ങളുടെ ലഭ്യത ഉറപ്പാക്കൽ | സെപ്റ്റംബർ | കായികാധ്യാപക ൻ | |

# ഐ റ്റി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഡിജിറ്റൽ മാഗസിൻ നിർമ്മാണം | 2021-24 അധ്യയന വർഷത്തെ ഡിജിറ്റൽ മാഗസിൻ 'സ്പന്ദനം' പ്രകാശനം. | 1 വർഷം | SITC<br>Mentors<br>LK students | |
| 2 | കമ്പ്യൂട്ടർ  സാക്ഷരത | രക്ഷിതാക്കൾക്കുള്ള കമ്പ്യൂട്ടർ സാക്ഷരത ക്ലാസുകൾ | 4 മാസം | SITC<br>Mentors<br>LK students | |
| 3 | പഠന പിന്തുണ | പഠന പിന്തുണ ആവശ്യമായ കുട്ടികൾക്ക് ഉള്ള സേവനങ്ങൾ | 4 മാസം | SITC<br>Mentors<br>LK students | |
| 4 | ആനിമേഷൻ ക്ലാസുകൾ | ഭിന്നശേഷി കുട്ടികൾക്കുള്ള ആനിമേഷൻ ക്ലാസുകൾ | 4 മാസം | Mentors<br>LK students | |
| 5 | മലയാളം ടൈപ്പിംഗ് | കുട്ടികൾ രചിച്ച കഥ, കവിത, ഉപന്യാസം,  ചിത്രരചനകൾ എന്നീ സൃഷ്ടികൾ ഉൾപ്പെടുത്തി ഡിജിറ്റൽ മാഗസിൻ നിർമ്മാണം | 1 വർഷം | SITC<br>Mentors<br>LK students | |
| 6 | സൈബർ സുരക്ഷ | സൈബർ സുരക്ഷ ക്ലാസുകൾ | 3 മാസം | LK students | |
| 7 | ലഹരി വിമുക്ത ക്യാമ്പസ് | ലഹരി വിമുക്ത ക്യാമ്പയിനുകൾ മനുഷ്യച്ചങ്ങലകൾ | 3 മാസം | LK students | |
| 8 | ഡോക്യുമെന്റേഷൻ | വിവിധ പരിപാടികളുടെ ഡോക്യുമെന്റേഷൻ | 1 വർഷം | SITC<br>Mentors<br>LK students | |

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | തൊഴിൽ സാധ്യതകൾ മനസ്സിലാക്കൽ | കുട്ടികളുടെ പ്രത്യേകം കഴിവുകൾ മനസ്സിലാക്കി ഓരോ കുട്ടിക്കും താല്പര്യമുള്ള തൊഴിൽ മേഖലകൾ തിരിച്ചറിഞ്ഞ് അതിന് തക്കതായ പരിശീലനം കൊടുക്കുന്നു. | ജൂൺ- മാർച്ച് | അധ്യാപകർ | |
| 2 | തൊഴിലിന്റെ പ്രാധാന്യവും മഹത്വവും മനസ്സിലാക്കൽ | സമൂഹത്തിന് ഉപകാരപ്പെടുന്ന രീതിയിൽ വിപണന സാധ്യതകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പലവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. കൂടാതെ തൊഴിൽ പരിശീലനവും കൃഷി , പ്ലംബിങ് വസ്തുകല , ഭക്ഷ്യ വ്യവസായം, പേപ്പർ കൊണ്ടുള്ള ഉത്പ്പന്നങ്ങൾ തുടങ്ങിയവയിലുള്ള പരിശീലനങ്ങൾ.<br>സ്വയം വരുമാനം ഉണ്ടാക്കുക എന്ന തിരിച്ചറിവ്. | ജൂൺ- മാർച്ച് | അധ്യാപകർ | |
| 3 | ഭിന്നശേഷി കുട്ടികളെയും ഉൾപ്പെടുത്തൽ | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക പരിഗണനയും പരിശീലനവും കൊടുക്കുന്ന പരിമിതികൾ പരിഹരിച്ച് ആവശ്യമായ പ്രവർത്തനങ്ങൾ ചെയ്യു എന്ന് ഉറപ്പുവരുത്തുന്നു | ജൂൺ- മാർച്ച് | അധ്യാപകർ | |

# പഠന പിന്തുണ പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളെ കണ്ടെത്തി ഗ്രൂപ്പ് ആക്കൽ | പഠന പിന്തുണ ആവശ്യമായ കുട്ടികളെ കണ്ടെത്തി കുട്ടികളെ ചെറിയ ചെറിയ ഗ്രൂപ്പുകൾ ആക്കി തിരിച്ച് ഓരോ അധ്യാപകരുടേയും മേൽനോട്ടത്തിൽ പഠനസാഹചര്യം ഒരുക്കുന്നു. | ജൂൺ -ഓഗസ്റ്റ് | അധ്യാപകർ | പിടിഎ |
| 2 | പഠനസാഹചര്യം ഒരുക്കൽ | അക്ഷരം ഉറപ്പിക്കുന്നതിന് വേണ്ടിയും ഗണിതം എളുപ്പമാക്കുന്നതിന് വേണ്ടിയും ചിത്രങ്ങളിലൂടേയും വിവിധതരത്തിലുള്ള വസ്തുക്കളിലൂടേയും, അബാക്കസ് ഉപയോഗിച്ചും അടിസ്ഥാനം ഉറപ്പിക്കുന്നു. | ജൂൺ -ഓഗസ്റ്റ് | അധ്യാപകർ | പിടിഎ |
| 3 | ബുദ്ധിമുട്ടുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യൽ | ബുദ്ധിമുട്ടുള്ള വിഷയങ്ങളിൽ പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികളുടെ സഹായം അധ്യാപകരോടൊപ്പം പ്രയോജനപ്പെടുത്തി പഠന പിന്തുണ നൽകുന്നു. | ജൂൺ - നവംബർ | അധ്യാപകർ പിടിഎ | |
| 4 | പഠനം ലളിതമാക്കൽ | ഐസിടിയുടെ സഹായം ഉപയോഗിച്ച് പഠനം ലളിതമാക്കി ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. | ജൂൺ - നവംബർ | അധ്യാപകർ SITC | |
| 5 | ഭവന സന്ദർശനം | കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ച് കുടുംബാന്തരീക്ഷം മനസ്സിലാക്കി വേണ്ട പിന്തുണകൾ നൽകുന്നു. | | | |
| 6 | വിഷയ ജ്ഞാനം ഉറപ്പിക്കൽ | അക്ഷരങ്ങളിൽ നിന്നും വാക്കുകളിലേക്കും, വാക്കുകളിൽ നിന്നും വാചകങ്ങളിലേക്കും, കുട്ടികളെ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | | | |

# ഉപസംഹാരം

സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ഏർപ്പെടുത്തിയ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തിന്റെ ആദ്യത്തെ ചവിട്ടുപടിയായി ഞങ്ങൾ ഈ മാസ്റ്റർ പ്ലാനിനെ കാണുന്നു. അതിൽ കൊടുമൺ ഹൈസ്കൂളും പങ്കാളികളായി. വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ, കർമ്മ മേഖലകളിലെ ഉയർച്ച, സർഗാത്മകത ഇവയുടെ ഒക്കെ വളർച്ച പൊതുസമൂഹം ഒറ്റക്കെട്ടായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഞങ്ങളുടെ പ്രവർത്തനങ്ങളുടെ സമാഹാരമായി ഈ മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.

